**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3350** **13-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ഇലക്ട്രിക് സബ് സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; പുലിമുട്ട് നിർമ്മാണം, റെയിൽവെ-ഹൈവേ സംബന്ധമായ വിഷയങ്ങൾ, നിർമ്മാണ സാമഗ്രികളുടെ ലഭ്യത എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം നൽകാമോ; | (എ) | **ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ**<br><br>വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ വൈദ്യുതി എത്തിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള 220 KV ജി.ഐ.എസ്സ് സബ്സ്റ്റേഷന്റേയും പോർട്ട് സബ്സ്റ്റേഷന്റേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജി.ഐ.എസ്സ് സബ്സ്റ്റേഷന്റെ ഉദ്ഘാടനം 2022 ജൂൺ 30 ന് നടത്തുകയുണ്ടായി. തുറമുഖത്തിലേക്കാവശ്യമായ വൈദ്യുതി വിതരണത്തിനാവശ്യമായ ഘടകങ്ങളുടെ പ്രവർത്തികളും പൂർണ്ണമായിട്ടുണ്ട്.<br><br>**ഗേറ്റ് കോംപ്ലക്സ്**<br><br>പോർട്ടിലേക്കുള്ള പ്രധാന കവാടം/ ഗേറ്റ് കോപ്ലംക്സിന്റെ നിർമ്മാണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്.<br><br>**പുലിമുട്ട് നിർമ്മാണവും നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും**<br><br>തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട് കരാർ കമ്പനി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സാധ്യമായ ക്വാറികൾ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി ഉൾപ്പെടെ യുള്ള പ്രവർത്തനാനുമതികൾ നൽകിവരുന്നു. കൂടാതെ പദ്ധതിക്കായി തമിഴ്നാട്ടിന്റെ ക്വാറികളിൽ നിന്നും പാറ ലഭ്യമാക്കുന്നതിനും അത് തടസ്സരഹിതമായി റോഡ് മാർഗ്ഗം പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുമായി തമിഴ്നാട് സർക്കാരിന്റെ സഹകരണവും തേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>റോഡ് ഹൈവേ കണക്ടിവിറ്റി</u>**<br><br>തുറമുഖത്തെ NH 66 മായി ബന്ധിപ്പിക്കുന്ന 2 കി.മി നീളമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിൽ ഉൾപ്പെടുന്ന രണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. NH 66 മായി ബന്ധിപ്പിക്കുന്ന ഇന്റർസെക്ഷൻ സ്കീമിന് നാഷണൽ ഹൈവേ അതോറിറ്റി (NHAI) യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഇന്റർസെക്ഷൻ സ്ഥാപിക്കുന്നതിനായി 42 സെന്റ് സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**<u>റെയിൽ കണക്ടിവിറ്റി</u>**<br><br>വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന പുതിയ പാതയുടെ നിർമ്മാണത്തിനായി കൊങ്കൺ റെയിൽവേ മുഖേന തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) ന് ദക്ഷിണ റെയിൽവേ 2022 മാർച്ചിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി ഏറ്റെടുക്കാനുള്ള 6.431 ഹെക്ടർ ഭൂമിയുടെ സ്ഥലമേറ്റെടുപ്പ് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി കമ്മീഷൻ ചെയ്യുന്നതിലൂടെ കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം നൽകാമോ? | (ബി) | നിലവിൽ ശ്രീലങ്ക, ദുബായ്, സിംഗപ്പൂർ മുതലായ വിദേശ രാജ്യങ്ങളിലെ ട്രാൻഷിപ്പ്മെന്റ് തുറമുഖങ്ങളെ ആശ്രയിച്ചാണ് ഇന്ത്യയുടെ കണ്ടെയിനർ ചരക്ക് ഗതാഗതം നടക്കുന്നത്. എന്നാൽ, വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാകുന്നതോടു കൂടി ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ ബെർത്ത് ചെയ്യുന്നതിനും ട്രാൻസ്ഷിപ്പ്മെന്റ് നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ വിഴിഞ്ഞത്ത് ലഭ്യമാകുന്നതാണ്. ഇപ്രകാരം രാജ്യത്തിന്റെ തന്നെ ട്രാൻസ്ഷിപ്പ്മെന്റ് കേന്ദ്രമായി വിഴിഞ്ഞം മാറുന്നതായിരിക്കും. വിഴിഞ്ഞം തുറമുഖ വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road, Outer Area Growth Corridor തുടങ്ങിയ ബൃഹദ് പദ്ധതികളും സർക്കാർ ആവിഷ്കരിച്ചു വരുന്നു. Outer Area Growth Corridor ന്റെ ഭാഗമായി വിവിധ നിക്ഷേപ മേഖലകൾ (Commercial Zone, Logistics hub മുതലായവ) വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഭാഗത്ത് നിന്ന് തുറമുഖത്തിന്റെ സാദ്ധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. വിഴിഞ്ഞം രാജ്യാന്തര തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ മേൽ വിവരിച്ച പ്രകാരം, സംസ്ഥാനത്തിന്റെ വിവിധ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ വികസനം |

| | | | |
|---|---|---|---|
| | | | സാധ്യമാവുകയും, നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ